(സി) പൂർത്തിയാകാതെ കിടന്ന പല പദ്ധതി പ്രവർത്തനങ്ങളും പുനരാരംഭിക്കുവാനും പുതിയ പല പദ്ധതികൾക്ക് രൂപം നൽകുവാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി

7 (*410) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അംഗീകരിച്ച ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) വീട്ടുകരം നൽകുന്നതുപോലെ എല്ലാ കുടുംബങ്ങൾക്കും ആരോഗ്യ നികുതി ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടോ ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് മുമ്പ് ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ വരുത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വിവിധ ശ്രേണിയിലുള്ള ആശുപത്രികളിൽ ആവശ്യം വേണ്ട ഏറ്റവും കുറഞ്ഞ ഭൗതിക സാഹചര്യങ്ങൾ, ഉപകരണങ്ങൾ, മാനവശേഷി, പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ എന്നിവയ്ക്ക് ഒരു പൊതുമാനദണ്ഡം (സ്റ്റാൻഡേർഡ് നോംസ്) നിശ്ചയിച്ച് നടപ്പിലാക്കുക.
2. ജീവനക്കാരുടെ ഉത്തരവാദിത്വങ്ങളും ജോലിയും അവലോകനം ചെയ്ത് പുനർനിർണ്ണയിക്കുക.
3. സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളുടെ മൂല്യ നിർണ്ണയം നടത്തുക.
4. ചികിത്സ നൽകുന്നതിനും റഫർ ചെയ്യുന്നതിനുമുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

5. നിലവിലുള്ള "ഡ്രഗ് ഫോർമുലറി" പരിഷ്ക്കരിക്കുക.

6. മരുന്ന് പ്രിസ്ക്രൈബ് ചെയ്യുന്നതിന് ഫോർമുലറി ഉണ്ടാക്കുക.

7. ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെയും സാധനങ്ങളുടെയും സ്റ്റോക്ക് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുക (ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം).

8. ഓരോ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമൂഹത്തിലുള്ളവർ വിലയിരുത്തുന്ന സംവിധാനം ഏർപ്പെടുത്തുക (സോഷ്യൽ ആഡിറ്റിംഗ്)

9. ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുകയും ഹെൽത്ത് അഡ്മിനിസ്ട്രേഷൻ കേഡർ സൃഷ്ടിക്കുകയും ചെയ്യുക.

10. സ്വയംസഹായ സംഘങ്ങളുടെ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) സഹകരണത്തോടുകൂടി സാമൂഹ്യാരോഗ്യം ലക്ഷ്യമാക്കിയുള്ള ഇടപെടലുകൾ നടത്തുക.

11. പൗരാവകാശ രേഖാ സമ്പ്രദായം നടപ്പിലാക്കുക.

12. ശാരീരികവും മാനസികവുമായി വൈകല്യമുള്ളവരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുക.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് വകുപ്പിലെ അഴിമതിയും പക്ഷപാതപരമായ നടപടികളും ഇല്ലാതാക്കാൻ നടപടി

8 (*411) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഡിപ്പാർട്ട്മെന്റിൽ ജനങ്ങളുമായി ഏറ്റവും കൂടുതൽ ഇടപഴകുന്ന താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്കിടയിലെ അഴിമതിയും പക്ഷപാതപരമായ നടപടികളും, സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പോലീസിന്റെ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥരുടെ അഴിമതി ഇല്ലാതാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly